# കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ

## ഹയർസെക്കണ്ടറി കോഴ്സ്

## പ്രൈവറ്റ് രജിസ്ട്രേഷൻ

# ഓൺലൈൻ പ്രോസ്പെക്ടസ്

**2009–2010**

# ആമുഖം

കേരള സർക്കാർ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് നമ്പർ GO(MS)No. 100/99 GEd. തീയതി 29.04.1999 പ്രകാരം കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ (കെ.എസ്.ഒ.എസ്) നിലവിൽ വന്നു. തിരുവനന്തപുരത്ത് സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി) യുടെ ഭാഗമായാണ് കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ പ്രവർത്തിക്കുന്നത്.

ഹയർ സെക്കണ്ടറി റഗുലർ സ്കൂളിൽ പ്രവേശനം ലഭിക്കാത്തവർക്കും ദൈനംദിന ക്ലാസ്സുകളിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്കും വേണ്ടി വിദൂര വിദ്യാഭ്യാസത്തിന്റെ വിശാല ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് ഓപ്പൺ സ്കൂൾ പ്രവർത്തിക്കുന്നത്.

കേരള സർക്കാർ 2001-02 അധ്യയന വർഷം മുതൽ ഹയർസെക്കണ്ടറി കോഴ്സ് പ്രൈവറ്റായി രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതുന്നതിന് വിദ്യാർത്ഥികൾക്ക് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. 2002-03 അധ്യയനവർഷം മുതൽ പ്രൈവറ്റ് രജിസ്ട്രേഷൻ നിർവ്വഹിക്കുന്നതിനായി കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ വഴി പ്രൈവറ്റായി രജിസ്റ്റർ ചെയ്യുന്ന വിദ്യാർഥികൾക്ക് ഒന്നും രണ്ടും വർഷ പരീക്ഷകൾ നടത്തുന്നതും കോഴ്സ് സർട്ടിഫിക്കറ്റ് നൽകുന്നതും ഹയർ സെക്കണ്ടറി ഡയറക്ടറേറ്റാണ്.

ഹ്യുമാനിറ്റീസ്, കോമേഴ്സ് എന്നീ ഗ്രൂപ്പുകളിലായി തെരഞ്ഞെടുത്ത 7 കോമ്പിനേഷനുകളാണ് വിദ്യാർഥികൾക്ക് പ്രൈവറ്റായി രജിസ്റ്റർ ചെയ്യാൻ അനുവദിച്ചിട്ടുള്ളത്.

2005 അധ്യയന വർഷം മുതൽ ഹയർസെക്കണ്ടറി തലത്തിൽ നടപ്പിലാക്കിയ ഗ്രേഡിംഗ് സമ്പ്രദായം ഓപ്പൺ സ്കൂളിൽ രജിസ്റ്റർ ചെയ്യുന്ന വിദ്യാർഥിക്കും ബാധകമായിട്ടുണ്ട്. പൊതു പരീക്ഷയുടെയും, നിരന്തര മൂല്യനിർണ്ണയത്തിന്റെയും സ്കോർ ഒന്നും, രണ്ടും വർഷങ്ങളിൽ 80:20 എന്ന ക്രമത്തിലാണ്.

| | | |
|---|---|---|
| പഠനകാലയളവ് | - | 2 വർഷം |
| സിലബസ് | - | ഹയർ സെക്കണ്ടറി റഗുലർ കോഴ്സിന്റെ സിലബസ് |
| യോഗ്യത | - | എസ്.എസ്.എൽ.സി പരീക്ഷ 2009-ൽ ആദ്യമായി എഴുതി ഉപരിപഠന യോഗ്യത നേടിയിരിക്കണം |

പഠന വിഷയങ്ങൾ

| | | |
|---|---|---|
| പാർട്ട് I | - | ഇംഗ്ലീഷ് (നിർബന്ധം) |
| പാർട്ട് II | - | ഉപഭാഷ (Second Language) |
| | | മലയാളം, ഹിന്ദി, സംസ്കൃതം, അറബിക്, ഉറുദു, തമിഴ്, കന്നഡ, ഫ്രഞ്ച്, ലാറ്റിൻ, സിറിയക്, ജർമൻ, റഷ്യൻ ഇവയിലേതെങ്കിലും ഒന്ന് തെരഞ്ഞെടുക്കേണ്ടതാണ്. |
| പാർട്ട് III | - | ഐച്ഛിക വിഷയങ്ങൾ (Optional Subjects) |

ഹ്യുമാനിറ്റീസ്, കോമേഴ്സ്, എന്നിവയിൽ ഒന്ന് തെരഞ്ഞെടുക്കാവുന്നതാണ്.

താഴെപ്പറയുന്ന സബ്ജക്ട് കോമ്പിനേഷനുകളാണ് പ്രൈവറ്റ് രജിസ്ട്രേഷന് ലഭ്യമായിട്ടുള്ളത്

**ഹ്യൂമാനിറ്റീസ് (Humanities)**

| പാർട്ട് | സബ്ജക്ട് കോഡ് | സബ്ജക്ട് കോമ്പിനേഷൻ |
|---|---|---|
| I | | ഇംഗ്ലീഷ് |
| II | | ഉപഭാഷ |
| | A | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി |
| | B | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ഫിലോസഫി |
| III | C | ഹിസ്റ്ററി,ഇക്കണോമിക്സ്, സംസ്കൃതം(സാഹിത്യം), സംസ്കൃതം(ശാസ്ത്രം) |
| | D | ഇസ്ലാമിക്ഹിസ്റ്ററി&കൾച്ചർ, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി |
| | E | ഹിസ്റ്ററി, ഇക്കണോമിക്സ്, സോഷ്യോളജി, അറബിക് |

**കോമേഴ്സ് (Commerce)**

| പാർട്ട് | സബ്ജക്ട് കോഡ് | സബ്ജക്ട് കോമ്പിനേഷൻ |
|---|---|---|
| I | | ഇംഗ്ലീഷ് |
| II | | ഉപഭാഷ |
| III | H | ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി (AFS), ഇക്കണോമിക്സ്, മാത്തമാറ്റിക്സ് |
| | I | ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി (AFS), ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ് |

കോമേഴ്സ് ഗ്രൂപ്പിൽ അക്കൗണ്ടൻസി വിഷയത്തിൽ അനാലിസിസ് ഓഫ് ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് (AFS) എന്ന പാർട്ട് മാത്രമേ പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥി തെരഞ്ഞെടുക്കുവാൻ പാടുള്ളൂ.

<u>രജിസ്ട്രേഷൻ</u>

2009 മാർച്ചിൽ ആദ്യമായി എസ്.എസ്.എൽ.സി പരീക്ഷ എഴുതി ഉപരിപഠന യോഗ്യത നേടിയ വിദ്യാർഥികൾക്കും, 2009 മേയിലെ സേപരീക്ഷയിലൂടെ യോഗ്യത നേടിയ വിദ്യാർഥികൾക്കും മാത്രമേ ഓൺലൈൻ സംവിധാനത്തിലൂടെ രജിസ്ട്രേഷൻ അനുവദിക്കുകയുള്ളൂ.

എന്നാൽ 2009 മാർച്ചിന് മുമ്പ് എസ്.എസ്.എൽ.സിയിൽ ഉപരിപഠന യോഗ്യത നേടിയവർക്കും 2009 മാർച്ചിൽ ഒന്നാമത്തേതല്ലാത്ത ചാൻസിൽ എസ്.എസ്.എൽ.സി പരീക്ഷയിൽ ഉപരിപഠന യോഗ്യത നേടിയവർക്കും, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, മറ്റ് സ്റ്റേറ്റ് ബോർഡുകൾ എന്നിവ മുഖേന ഉപരിപഠന യോഗ്യത നേടിയവർക്കും ഓൺലൈൻ മുഖാന്തിരം രജിസ്റ്റർ ചെയ്യുവാൻ കഴിയുകയില്ല. പ്രസ്തുത വിദ്യാർഥികൾ തെരഞ്ഞെടുത്ത പോസ്റ്റ് ഓഫീസ് മുഖേന ലഭിക്കുന്ന നിർദ്ദിഷ്ട അപേക്ഷാഫാറം പൂരിപ്പിച്ച് ആവശ്യമായ രേഖകൾ സഹിതം നിശ്ചിത തീയതികൾക്കുള്ളിൽ നേരിട്ടോ, സ്പീഡ്/രജിസ്റ്റേർഡ് പോസ്റ്റ് മുഖേനയോ ഓപ്പൺ സ്കൂൾ സംസ്ഥാന ഓഫീസിൽ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾ അപേക്ഷാഫാറത്തോടൊപ്പം ലഭിക്കുന്ന പ്രോസ്പെക്റ്റസിൽ നിന്നും ലഭിക്കും.

<u>ഫീസ് വിവരങ്ങൾ</u>

| | | |
|---|---|---|
| രജിസ്ട്രേഷൻ ഫീസ് | - | Rs.400/- |
| തപാൽ ചാർജ് | - | Rs.35/- |
| ഓൺലൈൻ പ്രോസസിംഗ് ചാർജ് | - | Rs.25/- (ഓൺലൈൻ രജിസ്ട്രേഷനുമാത്രം) |
| ആകെ | - | Rs.460/- |

ഫീസ് ഒടുക്കേണ്ട രീതി

- അഡ്മിഷൻ നോട്ടിഫിക്കേഷൻ പ്രമുഖ ദിനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തും. അതുപ്രകാരം നിശ്ചിത ദിവസം വരെ പിഴകൂടാതെ തെരഞ്ഞെടുക്കപ്പെട്ട എസ്.ബി.ടി ശാഖകളിൽ ഫീസ് ഒടുക്കി ഓൺലൈൻ മുഖാന്തിരം രജിസ്റ്റർ ചെയ്യാവുന്നതാണ്.
- ലക്ഷദ്വീപ് മേഖലയിലെ വിദ്യാർഥികൾ ഫീസ്, ഡയറക്ടർ, കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ എന്ന പേരിൽ പൂജപ്പുര എസ്.ബി.ടിയിൽ മാറാവുന്ന തരത്തിൽ ഡിഡിയായി വേണം ഫീസ് ഒടുക്കേണ്ടത്.
- പിഴയില്ലാതെ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയുടെ അടുത്ത ദിവസം മുതൽ നിശ്ചിത ദിവസം വരെ 50/- രൂപ പിഴയോടുകൂടിയും അതിനുശേഷം അടുത്ത ദിവസം മുതൽ നിശ്ചിത ദിവസം വരെ 250/- രൂപ അധിക പിഴയോടുകൂടിയും ഫീസ് ഒടുക്കി ഓൺലൈൻ മുഖാന്തിരം പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

മേൽ നിശ്ചയിക്കുന്ന അവസാന തീയതികൾ ഏതെങ്കിലും കാരണവശാൽ പൊതു അവധി ദിവസമായാൽ തൊട്ടടുത്ത പ്രവർത്തി ദിവസം കൂടി നിശ്ചിത ഫീസ് ഒടുക്കി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഓൺലൈൻ രജിസ്ട്രേഷന് അനുവർത്തിക്കേണ്ട ക്രമം

- അപേക്ഷാഫാറം **www.ksosonline.in** എന്ന വെബ് സൈറ്റിൽ ലഭ്യമാകും.
- വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട ഓരോ ഫീൽഡും നല്ലതുപോലെ വായിച്ചുമനസ്സിലാക്കിയ ശേഷം മാത്രം ആവശ്യപ്പെട്ട വിവരങ്ങൾ എന്റർ ചെയ്യുക.
- ഫീൽഡിൽ സ്റ്റാർ ചിഹ്നം (*) രേഖപ്പെടുത്തിയിരിക്കുന്ന ഫീൽഡ് വിദ്യാർഥി നിർബന്ധമായും പൂരിപ്പിക്കേണ്ടതാണ്.
- എസ്.എസ്.എൽ.സി രജിസ്റ്റർ നമ്പർ, പരീക്ഷ എഴുതിയ വർഷം, മാസം, ജനനതീയതി എന്നിവ ബന്ധപ്പെട്ട ഫീൽഡിൽ എന്റർ ചെയ്ത ശേഷം **Retrieve** ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ 3 മുതൽ 9 വരെയുള്ള ഫീൽഡിലെ വിവരങ്ങൾ ഡാറ്റാ ബെയിസിൽ നിന്നും ലഭ്യമാവുകയും അപേക്ഷയിൽ വിദ്യാർഥിയുടെ ഫോട്ടോ ദൃശ്യമാവുകയും ചെയ്യും.
- രജിസ്റ്റർ നമ്പർ, ജനനതീയതി എന്നിവ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയ പ്രകാരം തന്നെയാണ് എന്റർചെയ്തതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- രജിസ്റ്റർ നമ്പർ, ജനനതീയതി എന്നിവ ശരിയാണങ്കിൽ മാത്രമേ ആവശ്യപ്പെട്ടിട്ടുള്ള മറ്റ് വിവരങ്ങൾ വിദ്യാർഥിക്ക് എന്റർ ചെയ്യാൻ സാധിക്കുകയുള്ളൂ.
- വിദ്യാർഥിക്കുള്ള **നിർദ്ദേശങ്ങൾ (instructions)** അനുസരിച്ച് ഓരോ ഫീൽഡിലും ആവശ്യമായ വിവരങ്ങൾ എന്റർ ചെയ്യേണ്ടതാണ്.
- പരീക്ഷാകേന്ദ്രങ്ങളുടെ ഓപ്ഷൻ ഫീൽഡിൽ ഒന്നാമതായി ജില്ല, രണ്ടാമതായി താലൂക്ക്, മൂന്നാമതായി സ്കൂൾ എന്ന ക്രമത്തിൽ ഒന്നാമത്തെ ഓപ്ഷൻ ഫീൽഡ് എന്റർ ചെയ്യുകയും, തുടർന്ന് **Select School** എന്ന ഫീൽഡിൽ ആവർത്തിച്ച് ക്ലിക്ക് ചെയ്യുമ്പോൾ അതേ താലൂക്കിലുള്ള സ്കൂളുകളുടെ പേര് വീണ്ടും ലഭിക്കും. ഇപ്രകാരം ആവശ്യമെങ്കിൽ ഒരേ താലൂക്കിൽ നിന്നും ആവർത്തിച്ച് 10 പരീക്ഷാകേന്ദ്രങ്ങൾ സെലക്ട് ചെയ്യാവുന്നതാണ്.
- മറ്റൊരു താലൂക്കിൽ നിന്നും സ്കൂൾ തെരഞ്ഞെടുക്കണമെങ്കിൽ ആദ്യം ജില്ലയുടെ പേരിന്റെ ഫീൽഡിൽ ലഭിക്കുന്ന സ്ക്രോളിൽ നിന്നും ജില്ല തെരഞ്ഞെടുത്ത ശേഷം ആവശ്യമായ താലൂക്ക് തെരഞ്ഞെടുക്കേണ്ടതാണ്. പ്രസ്തുത താലൂക്കിൽ നിന്നും മേൽ വിവരിച്ച ക്രമത്തിൽ വീണ്ടും പരീക്ഷാകേന്ദ്രം തെരഞ്ഞെടുക്കാവുന്നതാണ്.
- വിദ്യാർഥി ഇപ്രകാരം 10 ഓപ്ഷൻ ഫീൽഡും നിർബന്ധമായും തെരഞ്ഞെടുക്കേണ്ടതുണ്ട്.

- **ലക്ഷദ്വീപ് മേഖലയിലെ വിദ്യാർഥികൾ മാത്രം മൂന്ന് പരീക്ഷാകേന്ദ്രങ്ങൾ മുൻഗണനാ ക്രമ ത്തിൽ തെരഞ്ഞെടുത്താൽ മതിയാകും.**

- ഡാറ്റകൾ എന്റർ ചെയ്ത അപേക്ഷ വീണ്ടും വായിച്ച ശേഷം തെറ്റ് വന്നിട്ടില്ലെന്ന് ബോധ്യപ്പെ ട്ടശേഷം മാത്രം അപേക്ഷയുടെ ഫീൽഡിൽ കാണുന്ന **Preview your application** ബട്ടൺ ക്ലിക്ക് ചെയ്യുക.

- വിദ്യാർഥി തയ്യാറാക്കിയ അപേക്ഷ **Preview** വിലൂടെ കാണാൻ സാധിക്കുന്നതാണ്.

- Preview വിൽ ഏറ്റവും അടിഭാഗത്തായി **Confirm your application** ബട്ടണും, **Edit your application** ബട്ടണും ഉണ്ടാകും.

- വിദ്യാർഥി തയ്യാറാക്കിയ അപേക്ഷയിൽ തെറ്റ് വന്നിട്ടുണ്ടെങ്കിൽ മാറ്റം വരുത്തുവാനായി **Edit your application** ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്.

- **Edit your application** ബട്ടൺ ക്ലിക്ക് ചെയ്താൽ മാറ്റം വരുത്തുന്നതിനായി അപേക്ഷ സ്ക്രീനിൽ കാണാൻ സാധിക്കുകയും, വിദ്യാർഥിക്ക് ആവശ്യമായ ഫീൽഡിൽ മാറ്റങ്ങൾ വരുത്താവുന്നതു മാണ്.

- അപേക്ഷ പൂർണ്ണമായും ശരിയായി എന്ന് ഉറപ്പുവരുത്തിയ ശേഷം **Confirm your application** ബട്ടൺ ക്ലിക്ക് ചെയ്താൽ വിദ്യാർഥിയുടെ എന്റർ ചെയ്ത ഡാറ്റ ഓപ്പൺ സ്കൂൾ സംസ്ഥാന ഓഫീസിൽ ലഭിക്കുന്നതാണ്.

- **Confirm** ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ ഫീൽഡിൽ **User name, password** എന്നിവ സ്ക്രീനിൽ നിന്നും ലഭിക്കുന്നതാണ്.

- **User name** ആയി വിദ്യാർഥിയുടെ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിലെ രജിസ്റ്റർ നമ്പറും **Password** ആയി സിസ്റ്റം തയ്യാറാക്കുന്ന അപേക്ഷാഫാറം നമ്പറും ആയിരിക്കും.

- അപേക്ഷയുമായി ബന്ധപ്പെട്ട തുടർ അന്വേഷണങ്ങൾക്ക് **User name, password** എന്നിവ ആവ ശ്യമായതിനാൽ അവ എഴുതി സൂക്ഷിക്കേണ്ടതാണ്.

- **User name, password** എന്നിവയോടൊപ്പം കാണുന്ന **OK** ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ സ്ക്രീനിൽ വിദ്യാർഥിയുടെ അപേക്ഷ വീണ്ടും കാണാൻ സാധിക്കുന്നതാണ്.

- സ്ക്രീനിൽ അപേക്ഷയുടെ മുകളിലായി കാണുന്ന Tool bar-ലെ പ്രിന്റ് ഓപ്ഷനിൽ ക്ലിക്ക് ചെയ്ത് അപേക്ഷ പ്രിന്റ് എടുക്കാവുന്നതാണ്.

- അപേക്ഷ save ചെയ്യുകയും കോപ്പി ചെയ്യുകയും ചെയ്യാവുന്നതാണ്.

- ഒരു പേപ്പറിന്റെ ഇരുപുറങ്ങളിലായിട്ടായിരിക്കണം ഓപ്പൺ സ്കൂൾ ആസ്ഥാനത്ത് സമർപ്പിക്കു ന്നതിനായി അപേക്ഷ പ്രിന്റ് എടുക്കേണ്ടത്.

- ഓൺലൈൻ രജിസ്ട്രേഷൻ സമയത്ത് ഡാറ്റാ എന്റർ ചെയ്യുന്നതിൽ വിദ്യാർഥിക്ക് ഏതെങ്കിലും തരത്തിൽ പിഴവ് സംഭവിക്കുകയും പിന്നീടത് ബോധ്യപ്പെടുകയും ചെയ്താൽ പ്രസ്തുത വിവരം കാണിച്ച് ബന്ധപ്പെട്ട ജില്ലാ കോഡിനേറ്റർക്ക് വിദ്യാർഥി രേഖാമൂലം അപേക്ഷ സമർപ്പിക്കാവു ന്നതാണ്.

- ജില്ലാ കോഡിനേറ്റർക്ക് സമർപ്പിക്കുന്ന അപേക്ഷയിൽ വിദ്യാർഥിയുടെ **password (application form number)** രേഖപ്പെടുത്തേണ്ടതാണ്.

- ഒരു നിശ്ചിത തീയതിവരെ ഇത്തരത്തിൽ പിഴവ് പരിഹരിക്കാൻ വിദ്യാർഥിക്ക് അവസരം നൽകു ന്നതായിരിക്കും.

അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

- വിദ്യാർഥി ഓൺലൈൻ മുഖേന രജിസ്റ്റർ ചെയ്ത അപേക്ഷയുടെ പ്രിന്റ് ഔട്ട് (അപേക്ഷയിൽ ചേർത്തിട്ടുള്ള **Declaration** നും നിർബന്ധമായും പൂരിപ്പിച്ച് ഒപ്പിടേണ്ടതാണ്)
- ഗസറ്റഡ് ഓഫീസർ/എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ സ്കൂൾ എച്ച്.എം സാക്ഷ്യപ്പെടുത്തിയ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
- അസൽ ടി.സി (ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്)
- നിശ്ചിത ഫീസ് ഒടുക്കിയ അസൽ എസ്.ബി.ടി ചെലാൻ

പ്രസ്തുത രേഖകൾ സഹിതം അപേക്ഷ ഫാറം ഓപ്പൺ സ്കൂളിന്റെ സംസ്ഥാന ഓഫീസിൽ നേരിട്ടോ, സ്റ്റേറ്റ് കോഡിനേറ്റർ, കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ, എസ്.സി.ഇ.ആർ.ടി, വിദ്യാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം-695012 എന്ന വിലാസത്തിൽ രജിസ്റ്റേർഡ്/സ്പീഡ് പോസ്റ്റ് മുഖേനയോ സമർപ്പിക്കേണ്ടതാണ്.

യഥാസമയം വിവരങ്ങൾ അറിയുവാൻ

- ഓൺലൈൻ മുഖേന രജിസ്റ്റർ ചെയ്ത വിദ്യാർഥിക്ക് **User name** (SSLC Reg. No.), **password** (Application No.) എന്നിവ ഉപയോഗിച്ച് തന്റെ അപേക്ഷയിന്മേൽ ഓപ്പൺ സ്കൂൾ സ്വീകരിച്ച നടപടികൾ **(Application status)** യഥാസമയം അറിയുവാൻ സാധിക്കുന്നതാണ്.
- **Application status** അറിയുന്നതിനായി www.ksosonline.in എന്ന വെബ് സൈറ്റിലെ Home page ന് മുകളിലായി കാണുന്ന Tool bar- ലെ **student login** ബട്ടൺ ക്ലിക്ക് ചെയ്യുക.
- സ്ക്രീനിൽ ഉടൻ വിദ്യാർത്ഥിയുടെ User name, Password എന്നിവ ടൈപ്പ് ചെയ്യാനുള്ള കോളങ്ങൾ കാണാൻ സാധിക്കും.
- **User name** (SSLC Reg. No.), **password** (Application No.) എന്നിവ ടൈപ്പ് ചെയ്ത് enter ചെയ്താൽ വിദ്യാർഥിയുടെ Application status ലഭിക്കുന്നതാണ്.
- Accepted/Pending/Rejected എന്ന രീതിയിലുള്ള സ്റ്റാറ്റസിൽ ഏതെങ്കിലും ഒരു വിവരമായിരിക്കും ലഭിക്കുന്നത്.
- അനുവദിച്ച പരീക്ഷാകേന്ദ്രം, ഓപ്പൺ സ്കൂൾ രജിസ്റ്റർ നമ്പർ എന്നിവയും വിദ്യാർഥിക്ക് തന്റെ User name, Password എന്നിവ ഉപയോഗിച്ച് അറിയാവുന്നതാണ്.

പരീക്ഷാകേന്ദ്രം തെരഞ്ഞെടുക്കൽ

ഓൺലൈൻ മുഖേന രജിസ്റ്റർ ചെയ്യുന്ന വിദ്യാർഥി 10 പരീക്ഷാകേന്ദ്രങ്ങൾ മുൻഗണനാക്രമത്തിൽ രേഖപ്പെടുത്തേണ്ടതാണ്. താലൂക്ക് ക്രമത്തിലാണ് പരീക്ഷാ കേന്ദ്രങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. പരീക്ഷാ കേന്ദ്രങ്ങളുടെ പേര് വ്യക്തമായി മനസ്സിലാക്കിയശേഷം ഇവ തെരഞ്ഞെടുക്കേണ്ടതാണ്.

ഒരു പരീക്ഷാകേന്ദ്രത്തിൽ കുറഞ്ഞത് 10 വിദ്യാർഥികൾ എങ്കിലും രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ആ കേന്ദ്രം അനുവദിക്കുന്നതല്ല.

**ഓൺലൈൻ രജിസ്റ്റർ ചെയ്യുന്ന തീയതി, സമയം എന്ന ക്രമത്തിൽ മുൻഗണന അനുസരിച്ചാണ് പരീക്ഷാ കേന്ദ്രം അനുവദിക്കുന്നത്. പരീക്ഷാകേന്ദ്രങ്ങളിൽ വിദ്യാർഥികളെ ഉൾക്കൊള്ളിക്കാനുള്ള സൗകര്യം അനുസരിച്ച് മാത്രമേ കേന്ദ്രം അനുവദിക്കുകയുള്ളൂ. പരീക്ഷാ കേന്ദ്രം അനുവദിക്കുന്നത് സംബന്ധിച്ച് ഡയറക്ടർ/സ്റ്റേറ്റ് കോഡിനേറ്ററുടെ തീരുമാനം അന്തിമമായിരിക്കും. ഒരിക്കൽ അനുവദിക്കുന്ന കേന്ദ്രം യാതൊരു കാരണവശാലും മാറ്റി നൽകുന്നതല്ല.**

ഓൺലൈൻ സംവിധാനത്തിൽ അപേക്ഷ നിരസിക്കപ്പെടാവുന്ന കാരണങ്ങൾ

- 2009 മാർച്ചിന് മുൻപ് എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ വിദ്യാർഥിയുടെ അപേക്ഷ.
- ഉപരിപഠനത്തിനുള്ള നിശ്ചിത യോഗ്യത നേടാത്ത വിദ്യാർഥിയുടെ അപേക്ഷ.
- എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിലെ രജിസ്റ്റർ നമ്പറും, പരീക്ഷ എഴുതിയ വർഷവും, മാസവും, ജനനതീയതിയും തെറ്റായി എന്റർ ചെയ്ത വിദ്യാർഥിയുടെ അപേക്ഷ.
- വിദ്യാർഥിയുടെ ജനനതീയതിയും, ഫീസ് ഒടുക്കിയ ചെലാൻ തീയതിയും DD/MM/YYYY (Date, Month, Year, ie. ജനനതീയതി, മാസം, വർഷം) എന്ന ക്രമത്തിൽ ബന്ധപ്പെട്ട ഫീൽഡിൽ എന്റർ ചെയ്യാത്ത അപേക്ഷ.
- ഫീസ് വിവരങ്ങൾ എന്റർ ചെയ്യാത്ത അപേക്ഷ.
- ഫീസ് തുക ആകെ - പിഴ കൂടാതെ 460/- രൂപ, 50/- രൂപ പിഴ ഈടാക്കുന്ന തീയതികളിൽ 510/- രൂപ, 250/- രൂപ അധിക പിഴ ഈടാക്കുന്ന തീയതികളിൽ 710/- രൂപ എന്ന ക്രമത്തിൽ തുക എന്റർ ചെയ്യാത്ത അപേക്ഷ **(ചെലാനിൽ ചേർത്തിട്ടുള്ള ബാങ്ക് കമ്മീഷൻ തുക ഫീസിനൊപ്പം എന്റർ ചെയ്യുവാൻ പാടുള്ളതല്ല).**
- ഗ്രൂപ്പ്, കോമ്പിനേഷൻ, ഉപഭാഷ എന്നിവ എന്റർ ചെയ്യാത്ത അപേക്ഷ.
- 10 പരീക്ഷാ കേന്ദ്രങ്ങളും എന്റർ ചെയ്യാത്ത അപേക്ഷ.

രജിസ്ട്രേഷൻ തടഞ്ഞുവയ്ക്കപ്പെടാവുന്ന കാരണങ്ങൾ

- വിദ്യാർഥി സമർപ്പിക്കുന്ന അസൽ ടിസിയിലെ വിവരങ്ങൾ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിലെ വിവരങ്ങളുമായി യോജിക്കാതെവരുമ്പോൾ.
- നിശ്ചിത ഫീസ് ഒടുക്കിയ ഒറിജനൽ എസ്.ബി.ടി ചെലാൻ അപേക്ഷയോടൊപ്പം സമർപ്പിക്കാത്ത സാഹചര്യത്തിൽ.

അപേക്ഷ നിരസിക്കപ്പെടാവുന്ന കാരണങ്ങൾ

- അസൽ ടി സി സമർപ്പിക്കാത്ത അപേക്ഷ.
- തെരഞ്ഞെടുത്ത എസ്.ബി.ടി ശാഖയിൽ നിന്നും ലഭിക്കുന്ന ഓപ്പൺ സ്കൂൾ ചെലാനിൽ നിശ്ചിത ഫീസ് ഒടുക്കാത്ത അപേക്ഷ.
- ഗസറ്റഡ് ഓഫീസർ/എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ സ്കൂളിലെ എച്ച്.എം സാക്ഷ്യപ്പെടുത്തിയ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ പകർപ്പ് സമർപ്പിക്കാത്ത അപേക്ഷ.

പ്രൈവറ്റ് രജിസ്ട്രേഷൻ മെമ്മോ

ഓൺലൈനായി രജിസ്റ്റർ ചെയ്യുന്ന വിദ്യാർഥികളുടെ പ്രൈവറ്റ് രജിസ്ട്രേഷൻ മെമ്മോ അതത് ജില്ലാ കേന്ദ്രങ്ങൾ/അനുവദിച്ച പരീക്ഷാ കേന്ദ്രങ്ങൾ മുഖേന വിതരണം ചെയ്യുന്നതാണ്. വിതരണ വിവരങ്ങൾ പ്രമുഖ മലയാള ദിനപത്രങ്ങളിലൂടെയും, വെബ് സൈറ്റ് മുഖേനയും അറിയിക്കുന്നതായിരിക്കും. ഇതു സംബന്ധിച്ച് വിദ്യാർഥിക്ക് നേരിട്ട് അറിയിപ്പ് നൽകുന്നതല്ല. രണ്ടാം വർഷ യോഗ്യത സർട്ടിഫിക്കറ്റ് ലഭിക്കുന്നതുവരെ ഓപ്പൺ സ്കൂൾ പ്രൈവറ്റ് രജിസ്ട്രേഷൻ മെമ്മോ സൂക്ഷിക്കേണ്ടതാണ്.

ഡ്യൂപ്ലിക്കേറ്റ് പ്രൈവറ്റ് രജിസ്ട്രേഷൻ മെമ്മോ

പ്രൈവറ്റ് രജിസ്ട്രേഷൻ മെമ്മോ നഷ്ടപ്പെട്ടാൽ ഡ്യൂപ്ലിക്കേറ്റ് പ്രൈവറ്റ് രജിസ്ട്രേഷൻ മെമ്മോ ലഭിക്കുന്നതിന് എസ്.ബി.ടി ശാഖയിൽ 25/- രൂപ ഫീസ് ഒടുക്കിയ ഓപ്പൺ സ്കൂൾ ചെലാനും, ഓപ്പൺ സ്കൂൾ രജിസ്റ്റർ നമ്പർ രേഖപ്പെടുത്തി തയ്യാറാക്കിയ അപേക്ഷയും സ്റ്റേറ്റ് കോഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്. ഡ്യൂപ്ലിക്കേറ്റ് പ്രൈവറ്റ് രജിസ്ട്രേഷൻ മെമ്മോ ലഭിക്കുന്നതിനായി ഓപ്പൺ സ്കൂൾ സംസ്ഥാന ഓഫീസിൽ അപേക്ഷ സമർപ്പിക്കുകയും ജില്ലാ കേന്ദ്രം മുഖേന കൈപ്പറ്റേണ്ടതുമാണ്.

ശ്രദ്ധിക്കുക

- വിദ്യാർഥിയുടെ അപേക്ഷയിൻ മേൽ ആവശ്യമായ പരിശോധനകൾക്ക് ശേഷം വിദ്യാർഥിക്ക് **Accept** എന്ന സന്ദേശം ലഭിക്കുന്നതായിരിക്കും പ്രസ്തുത സന്ദേശം ലഭിച്ചശേഷം പരീക്ഷാ കേന്ദ്രം, ഐച്ഛിക വിഷയങ്ങൾ, ഉപഭാഷ, എന്നിവയിൽ ഒരു കാരണവശാലും മാറ്റം അനുവദിക്കുന്നതല്ല.
- അപേക്ഷകന്റെ മേൽവിലാസം മാറേണ്ട സാഹചര്യമുണ്ടായാൽ വിവരം കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ സംസ്ഥാന ഓഫീസിൽ രേഖാമൂലം ഉടൻ അറിയിക്കേണ്ടതാണ്.
- അപേക്ഷകന്റെ മേൽ വിലാസത്തിലല്ലാതെ മറ്റ് വിലാസത്തിൽ രജിസ്ട്രേഷൻ നടപടി പൂർത്തീകരിച്ച് അസൽ രേഖകൾ തിരിച്ചയക്കുന്നതല്ല.
- ഫീസ് ഒടുക്കിയ ചെലാന്റെയും പ്രിന്റ് എടുത്ത അപേക്ഷയുടെയും ഫോട്ടോകോപ്പി വിദ്യാർഥി കൈവശം സൂക്ഷിക്കേണ്ടതാണ്.
- ഓപ്പൺ സ്കൂൾ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട എല്ലാ ഫീസും ഓപ്പൺസ്കൂൾ ചെലാൻ മുഖേന എസ്.ബി.ടിയുടെ തെരഞ്ഞെടുത്ത ശാഖകളിൽ മാത്രം ഒടുക്കുക. ട്രഷറി ചെലാൻ സ്വീകരിക്കുന്നതല്ല.
- ഒരിക്കൽ സ്വീകരിച്ച ഫീസ് തിരിച്ചു നൽകുകയോ, മറ്റൊരു തവണത്തേക്ക് മാറ്റി ഉപയോഗിക്കുവാൻ അനുവദിക്കുകയോ ചെയ്യുന്നതല്ല.
- പരീക്ഷാ സംബന്ധമായ ഫീസുകൾ ഹയർ സെക്കണ്ടറി നോട്ടിഫിക്കേഷൻ പ്രകാരം മാത്രം ഒടുക്കുക.

പ്രൈവറ്റ് രജിസ്ട്രേഷൻ റദ്ദ്ചെയ്യൽ

ഓപ്പൺ സ്കൂൾ ഹയർസെക്കണ്ടറി കോഴ്സ് രജിസ്റ്റർ ചെയ്ത വിദ്യാർഥിക്ക് ഏതെങ്കിലും കാരണത്താൽ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെങ്കിൽ തെരഞ്ഞെടുത്ത ഏതെങ്കിലും എസ്.ബി.ടി ശാഖയിൽ നിന്നും ലഭിക്കുന്ന ഓപ്പൺ സ്കൂൾ ചെലാനിൽ 150/- രൂപ ഫീസ് ഒടുക്കേണ്ടതാണ്.

ഒന്നും, രണ്ടും വർഷ ഹയർ സെക്കണ്ടറി പൊതു പരീക്ഷകൾക്ക് ഫീസ് ഒടുക്കിയ വിദ്യാർഥിയുടെ രജിസ്ട്രേഷൻ ഓപ്പൺ സ്കൂൾ റദ്ദ് ചെയ്ത് നൽകുന്നതിന് ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് അനുവദിക്കുന്ന പരീക്ഷാ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ടുള്ള മെമ്മോ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ഒന്നാം വർഷ പരീക്ഷാ ഫീസ് ഒടുക്കാത്ത വിദ്യാർഥി രജിസ്ട്രേഷൻ റദ്ദ്ചെയ്യുന്നതിന് നിർദ്ദിഷ്ട ഫീസ് ഒടുക്കിയ ചെലാനും, പരീക്ഷാകേന്ദ്രം പ്രിൻസിപ്പാളിൽ നിന്നും വിദ്യാർഥി പരീക്ഷാ ഫീസ് ഒടുക്കിയിട്ടില്ല എന്ന സാക്ഷ്യപ്പെടുത്തൽ സഹിതം ഓപ്പൺ സ്കൂൾ സ്റ്റേറ്റ് കോഡിനേറ്റർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. നിശ്ചിത ഫീസ് ഒടുക്കിയ ചെലാൻ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

ഹയർ സെക്കണ്ടറി വിജയിച്ച കോമ്പിനേഷൻ റദ്ദുചെയ്യാതെ മറ്റ് വിഷയം രജിസ്റ്റർ ചെയ്യുന്ന രീതി

4.02.2009-ലെ സ.ഉ. (എം.എസ്) നം. 15/2009. പെതുവിദ്യാഭ്യാസവകുപ്പ്. പ്രകാരം ഹയർ സെക്കണ്ടറി കോഴ്സ് ഒരിക്കൽ വിജയിച്ച വിദ്യാർഥികൾക്ക് രജിസ്ട്രേഷൻ റദ്ദുചെയ്യാതെ ഓപ്പൺ സ്കൂൾ വഴി പുതിയൊരു കോമ്പിനേഷൻ തെരഞ്ഞെടുത്ത് പഠിക്കുവാൻ സാധിക്കും. എന്നാൽ പുതുതായി തെരഞ്ഞെടുക്കുന്ന കോമ്പിനേഷനിൽ മുൻപ് വിജയിച്ച വിഷയങ്ങൾക്ക് വിദ്യാർഥി വീണ്ടും പരീക്ഷ എഴുതേണ്ടതില്ല. എന്നാൽ പുതിയ കോമ്പിനേഷനിൽ വിദ്യാർഥി രണ്ടു വർഷവും പഠിക്കേണ്ടതായിട്ടുണ്ട്.

ഹയർസെക്കന്ററി പരീക്ഷ നിബന്ധനകൾ

ഹയർസെക്കന്ററി ഡയറക്ടറേറ്റ് കാലാകാലങ്ങളിൽ പുറത്തിറക്കുന്ന പരീക്ഷാ നോട്ടിഫിക്കേഷനിലെ നിബന്ധനകൾ ഓപ്പൺ സ്കൂൾ വിദ്യാർഥിക്കും ബാധകമാണ്. പരീക്ഷ സംബന്ധിച്ച വിവരങ്ങൾ യഥാസമയം പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും അറിയാവുന്നതാണ്.

ഒന്നും രണ്ടും വർഷ പൊതുപരീക്ഷ

ഹയർ സെക്കന്ററി ഒന്നും രണ്ടും വർഷ പൊതുപരീക്ഷകളും, സർട്ടിഫിക്കറ്റ് വിതരണവും റഗുലർ വിദ്യാർഥികൾക്കൊപ്പം ഹയർ സെക്കന്ററി ഡയറക്ടറേറ്റ് നേരിട്ടു നടത്തുന്നതാണ്. ഹയർ സെക്കന്ററി ഡയറക്ടറേറ്റ് യഥാസമയം പരീക്ഷാ നോട്ടിഫിക്കേഷൻ പ്രമുഖ ദിനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തും. അതിനു ശേഷം പൂരിപ്പിച്ച അപേക്ഷാ ഫാറവും നിശ്ചിത പരീക്ഷാ ഫീസും അനുവദിച്ച പരീക്ഷാ കേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്. **രണ്ടാം വർഷ പൊതു പരീക്ഷക്ക് അപേക്ഷിക്കാത്ത വിദ്യാർഥിയുടെ രജിസ്ട്രേഷൻ റദ്ദാക്കപ്പെടുന്നതാണ്.**

ഒന്നാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർഥിക്കുമാത്രമേ രണ്ടാം വർഷ പ്രവേശനത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. അതുപോലെ ഒന്നാം വർഷ പരീക്ഷ എഴുതിയ വിദ്യാർഥിക്കു മാത്രമേ രണ്ടാം വർഷ പരീക്ഷ എഴുതാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ. ഒന്നാം വർഷത്തെ എല്ലാ വിഷയങ്ങളുടെയും നിരന്തര മൂല്യനിർണയത്തിന്റെ ഭാഗമായുള്ള പ്രോജക്ടും, അസൈൻമെന്റും യഥാസമയം സമർപ്പിക്കാത്ത വിദ്യാർഥിയെ രണ്ടാം വർഷ പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല. ഒന്നാം വർഷ പരീക്ഷയുടെ സ്കോറുകൾ രണ്ടാംവർഷ പരീക്ഷയുടെ സ്കോറിനോടുകൂടി ചേർത്തായിരിക്കും രണ്ടാം വർഷ പരീക്ഷയുടെ ഫലം നിർണയിക്കുന്നത്.

**പരീക്ഷാഫീസ് (Examination Fees)**

റഗുലർ വിദ്യാർഥികളുടെ പരീക്ഷാഫീസിൽ ഉണ്ടാവുന്ന എല്ലാ മാറ്റങ്ങളും, അതുമായി ബന്ധപ്പെട്ട നിയമങ്ങളും പ്രൈവറ്റ് വിദ്യാർഥിക്കും ബാധകമാണ്.

മൈഗ്രേഷൻ സർട്ടിഫിക്കറ്റ് (Migration certificate)

ഹയർസെക്കന്ററി കോഴ്സ് പൂർത്തിയാക്കിയ വിദ്യാർഥിക്ക് കേരളത്തിന് പുറത്തു പഠിക്കുന്നതിനുവേണ്ടിയുള്ള മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് നിർദിഷ്ട അപേക്ഷാഫാറം പൂരിപ്പിച്ച് '0202-01-102-97(03) **other receipts'** എന്ന ഹയർസെക്കന്ററി ഡയറക്ടറേറ്റിന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ ഗവണ്മെന്റ് ട്രഷറിയിൽ 50 രൂപ ഫീസ് ഒടുക്കി പരീക്ഷാകേന്ദ്രം പ്രിൻസിപ്പലിന്റെ/ സ്റ്റേറ്റ് കോഡിനേറ്ററുടെ/ ജില്ലാ കോഡിനേറ്ററുടെ ഒപ്പോടു കൂടി ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്.

ഓപ്പൺ സ്കൂൾ സംബന്ധമായ എല്ലാ കത്തിടപാടുകളിലും, വിദ്യാർഥിയുടെ പേര് വിലാസം എന്നിവ കൂടാതെ രജിസ്റ്റർ ചെയ്ത ജില്ല, രജിസ്റ്റർ നമ്പർ, അനുവദിച്ച പരീക്ഷാ കേന്ദ്രം, വിഷയം എന്നിവയും രേഖപ്പെടുത്തിയിരിക്കണം

**ഫീസ് ഒടുക്കിയ ചെലാന്റെ ഫോട്ടോകോപ്പി വിദ്യാർഥി കൈവശം സൂക്ഷിക്കേണ്ടതാണ്.**

**ഓപ്പൺ സ്കൂൾ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട എല്ലാ ഫീസും ഓപ്പൺ സ്കൂൾ ചെലാൻ മുഖേന എസ്.ബി.റ്റിയുടെ തെരഞ്ഞെടുത്ത ശാഖകളിൽ മാത്രം ഒടുക്കുക. ട്രഷറിചെലാൻ സ്വീകരിക്കുന്നതല്ല. ഒരിക്കൽ സ്വീകരിച്ച ഫീസ് തിരിച്ചു നൽകുകയോ മറ്റൊരു തവണത്തേക്ക് മാറ്റി ഉപയോഗിക്കുവാൻ അനുവദിക്കുകയോ ചെയ്യുന്നതല്ല. പരീക്ഷാ സംബന്ധമായ ഫീസുകൾ ഹയർസെക്കന്ററി നോട്ടിഫിക്കേഷൻ പ്രകാരം മാത്രം ഒടുക്കുക.**

നിരന്തര മൂല്യനിർണയം

ഹയർസെക്കന്ററി കോഴ്സിന് പ്രൈവറ്റായി രജിസ്റ്റർ ചെയ്ത വിദ്യാർഥിക്ക് നിരന്തരമൂല്യനിർണയത്തിനായി ഒന്നാം വർഷവും രണ്ടാം വർഷവും ഓരോ വിഷയത്തിനും ഒരു പ്രോജക്ടും, രണ്ട് അസൈൻമെന്റും സമർപ്പിക്കേണ്ടതായുണ്ട്. **ഇതിനു വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാൻ വിദ്യാർഥിക്ക് അനുവദിക്കുന്ന പരീക്ഷാ കേന്ദ്രത്തിൽ വച്ച് ഓരോ വിഷയത്തിനും രണ്ട് മണിക്കൂർ വീതം ക്ലാസ് ഉണ്ടായിരിക്കുന്നതാണ്.** ഇതിനുള്ള അറിയിപ്പ് പ്രമുഖ പത്രങ്ങൾ വഴിയും, ജില്ലാ കേന്ദ്രങ്ങൾ വഴിയും നൽകുന്നതാണ്. സ്കൂൾ അധികൃതർ നിർദ്ദേശിക്കുന്ന പ്രകാരം നിരന്തര മൂല്യനിർണയത്തിനായുള്ള പ്രോജക്ടും, അസൈൻമെന്റും നിർബന്ധമായും വിദ്യാർഥി നിശ്ചിത സമയത്തു തന്നെ സമർപ്പിക്കേണ്ടതാണ്.

ഒന്നാം വർഷവും രണ്ടാംവർഷവും നിരന്തര മൂല്യനിർണ്ണയത്തിന് (പ്രോജക്ട്, അസൈൻമെന്റ്) 20% സ്കോറും എഴുത്തു പരീക്ഷയ്ക്ക് 80% സ്കോറും ആയിരിക്കും.

**സ്കൂൾ അധികൃതരുടെ നിർദ്ദേശങ്ങൾ നിർബന്ധമായും വിദ്യാർഥികൾ പാലിക്കേണ്ടതാണ്. ഏതെങ്കിലും തരത്തിലുള്ള ഗുരുതരമായ അച്ചടക്ക ലംഘനം റിപ്പോർട്ട് ചെയ്യപ്പെട്ടാൽ പ്രസ്തുത വിദ്യാർഥിയുടെ രജിസ്ട്രേഷൻ റദ്ദു ചെയ്യുന്നതായിരിക്കും.**

## ഓപ്പൺ സ്കൂൾ ജില്ലാകേന്ദ്രങ്ങൾ

| | |
|---|---|
| തിരുവനന്തപുരം | ജില്ലാ കോഡിനേറ്റർ<br>കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ<br>ഗവ. തമിഴ്. എച്ച്.എസ്.എസ്<br>ചാല, തിരുവനന്തപുരം<br>ഫോൺ: 0471 – 2572990 |
| കൊല്ലം | ജില്ലാ കോഡിനേറ്റർ<br>കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ<br>ഗവ: ബോയ്സ്. എച്ച്.എസ്.എസ്, കൊല്ലം<br>ഫോൺ: 0474 – 2798982 |
| പത്തനംതിട്ട | ജില്ലാ കോഡിനേറ്റർ<br>കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ<br>ഗവ. എച്ച്.എസ്.എസ് & വി.എച്ച്.എസ്.എസ്<br>പത്തനംതിട്ട<br>ഫോൺ: 0469 – 2606787 |
| ആലപ്പുഴ | ജില്ലാ കോഡിനേറ്റർ<br>കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ<br>ഗവ: എച്ച്.എസ്.എസ്, കായംകുളം, ആലപ്പുഴ<br>ഫോൺ: 0479 – 2166953 |
| കോട്ടയം | ജില്ലാ കോഡിനേറ്റർ<br>കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ<br>ഗവ: എച്ച്.എസ്.എസ്, കാരാപ്പുഴ, കോട്ടയം<br>ഫോൺ: 0481 – 2300443 |
| ഇടുക്കി | ജില്ലാ കോഡിനേറ്റർ<br>കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ<br>ജി.എച്ച്.എസ്.എസ്, തൊടുപുഴ, ഇടുക്കി<br>ഫോൺ: 0486 – 2225243 |
| എറണാകുളം | ജില്ലാ കോഡിനേറ്റർ<br>കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ<br>ഗവ: എസ്.ആർ.വി. എൽ.പി. സ്കൂൾ<br>സൗത്ത്, എറണാകുളം<br>ഫോൺ: 0484 – 2377537 |

| | |
|---|---|
| തൃശൂർ | ജില്ലാ കോഡിനേറ്റർ<br>കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ<br>ഗവ:മോഡൽ വൊക്കേഷണൽ ജി. എച്ച്.എസ്.എസ്,<br>തൃശൂർ<br>ഫോൺ: 0487 – 2322559 |
| പാലക്കാട് | ജില്ലാ കോഡിനേറ്റർ<br>കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ<br>ജി.എം.യു.പി.എസ്,<br>മണ്ണാർക്കാട്, പാലക്കാട്<br>ഫോൺ: 04924 – 222846 |
| മലപ്പുറം | ജില്ലാ കോഡിനേറ്റർ<br>കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ<br>ഗവ: രാജാസ് എച്ച്.എസ്.എസ്,<br>കോട്ടയ്ക്കൽ, മലപ്പുറം<br>ഫോൺ: 0483 – 2744040 |
| കോഴിക്കോട് | ജില്ലാ കോഡിനേറ്റർ<br>കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ<br>ഗവ: മോഡൽ എച്ച്.എസ്.എസ്, കോഴിക്കോട്<br>ഫോൺ: 0495 – 2723663 |
| വയനാട് | ജില്ലാ കോഡിനേറ്റർ<br>കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ<br>ഗവ: എച്ച്.എസ്.എസ്, മീനങ്ങാടി, വയനാട്<br>ഫോൺ: 04936 – 215283 |
| കണ്ണൂർ | ജില്ലാ കോഡിനേറ്റർ<br>കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ<br>മുൻസിപ്പൽ വി.എച്ച്.എസ്.എസ്, കണ്ണൂർ<br>ഫോൺ: 0497 – 2702706 |
| കാസർഗോഡ് | ജില്ലാ കോഡിനേറ്റർ<br>കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ<br>ജി.എം.വി. എച്ച്.എസ്.എസ്, തളങ്കര<br>കാസർഗോഡ്<br>ഫോൺ: 04994 – 226460 |

ഓപ്പൺ സ്കൂളിന്റെ ഫീസ് സ്വീകരിക്കുന്ന എസ്.ബി.റ്റി. ശാഖകളും ബ്രാഞ്ച് കോഡ് നമ്പറുകളും

| Sl.No. | Branch | Code no. |
|---|---|---|
| | **തിരുവനന്തപുരം** | |
| 1. | പൂജപ്പുര | 32 |
| 2 | മെയിൻബ്രാഞ്ച് (സ്റ്റാറ്റ്യൂ) | 28 |
| 3 | നെയ്യാറ്റിൻകര | 42 |
| 4 | നെടുമങ്ങാട് | 36 |
| 5 | വെഞ്ഞാറമൂട് | 254 |
| 6 | കാട്ടാക്കട | 40 |
| 7 | കഴക്കൂട്ടം | 445 |
| 8 | ആറ്റിങ്ങൽ | 39 |
| 9 | കല്ലമ്പലം | 221 |
| 10 | കിളിമാനൂർ | 41 |
| 11 | വർക്കല | 48 |
| | **കൊല്ലം** | |
| 12 | കൊല്ലം (മെയിൻ) | 54 |
| 13 | ചവറ | 55 |
| 14 | കൊട്ടാരക്കര (മെയിൻ) | 63 |
| 15 | പുനലൂർ | 59 |
| 16 | പത്തനാപുരം | 72 |
| 17 | കടയ്ക്കൽ | 227 |
| 18 | ശാസ്താംകോട്ട | 450 |
| 19 | ചാത്തന്നൂർ | 67 |
| 20 | അഞ്ചൽ | 245 |
| 21 | കരുനാഗപ്പള്ളി | 56 |
| | **പത്തനംതിട്ട** | |
| 22 | അടൂർ | 60 |
| 23 | എം.ജി.എം.എച്ച്.എസ്.തിരുവല്ല | 482 |
| 24 | പന്തളം | 79 |
| 26 | കോന്നി | 62 |
| 27 | കോഴഞ്ചേരി | 68 |
| 28 | റാന്നി | 65 |
| 29 | പത്തനംതിട്ട | 58 |
| | **ആലപ്പുഴ** | |
| 30 | ആലപ്പുഴ (സി) മെയിൻ | 75 |
| 31 | ചേർത്തല | 81 |
| 32 | എടത്വ | 96 |
| 33 | ഹരിപ്പാട് | 86 |
| 34 | അമ്പലപ്പുഴ | 82 |
| 35 | രാമങ്കരി | 97 |
| 36 | ചെങ്ങന്നൂർ | 85 |
| 37 | കായംകുളം | 78 |
| 38 | മാവേലിക്കര (മെയിൻ) | 89 |
| | **കോട്ടയം** | |
| 39 | കോട്ടയം (മെയിൻ) | 102 |
| 40 | മണർകാട് | 233 |
| 41 | ചങ്ങനാശ്ശേരി | 103 |
| 42 | പാല | 120 |
| 43 | കാഞ്ഞിരപ്പള്ളി | 115 |
| 44 | കടുത്തുരുത്തി (മെയിൻ) | 427 |
| 45 | വൈക്കം | 125 |
| 46 | എം.ജി.യൂണി. കാമ്പസ് | 669 |
| 47 | പൊൻകുന്നം | 137 |

| Sl.No. | Branch | Code no. |
|---|---|---|
| | **ഇടുക്കി** | |
| 48 | അടിമാലി | 668 |
| 49 | ഇടുക്കി | 27 |
| 50 | കുമിളി | 132 |
| 51 | മൂന്നാർ(സി) | 135 |
| 52 | തൊടുപുഴ | 155 |
| 53 | നെടുങ്ങണ്ടം. | 216 |
| | **എറണാകുളം** | |
| 54 | ബ്രോഡ്‌വേ | 143 |
| 55 | ഇടപ്പള്ളി | 218 |
| 56 | നോർത്ത് പറവൂർ | 153 |
| 57 | പെരുമ്പാവൂർ | 154 |
| 58 | ആലുവ | 147 |
| 59 | അങ്കമാലി | 157 |
| 60 | കോലഞ്ചേരി | 159 |
| 61 | കൊച്ചിൻ | 140 |
| 62 | മൂവാറ്റുപുഴ | 151 |
| 63 | കളമശ്ശേരി (മെയിൻ) | 145 |
| 64 | തൃപ്പൂണിത്തുറ | 156 |
| | **തൃശൂർ** | |
| 65 | ചാലക്കുടി | 168 |
| 66 | ഗുരുവായൂർ | 257 |
| 67 | ഇരിങ്ങാലക്കുട | 170 |
| 68 | കൊടുങ്ങല്ലൂർ | 169 |
| 69 | തൃശൂർ മെയിൻ | 166 |
| 70 | വടക്കാഞ്ചേരി | 172 |
| 71 | ഒല്ലൂർ | 266 |
| 72 | ചാവക്കാട് | 167 |
| 73 | കുന്നംകുളം | 171 |
| | **പാലക്കാട്** | |
| 74 | ചെർപ്പുളശ്ശേരി | 251 |
| 75 | ആലത്തൂർ | 179 |
| 76 | ചിറ്റൂർ | 178 |
| 77 | ഒറ്റപ്പാലം | 392 |
| 78 | പാത്തിരിപ്പാല | 237 |
| 79 | മണ്ണാർക്കാട് | 181 |
| 80 | പാലക്കാട് | 177 |
| 81 | പട്ടാമ്പി | 186 |
| 82 | ശ്രീകൃഷ്ണപുരം | 497 |
| | **മലപ്പുറം** | |
| 83 | കോട്ടയ്ക്കൽ | 269 |
| 84 | മലപ്പുറം | 196 |
| 85 | മഞ്ചേരി | 197 |
| 86 | നിലമ്പൂർ | 194 |
| 87 | പെരിന്തൽമണ്ണ | 198 |
| 88 | തിരൂർ | 632 |
| 89 | വളാഞ്ചേരി | 637 |
| 90 | താനൂർ | 211 |
| 91 | കുറ്റിപ്പുറം | 195 |
| 92 | അരീക്കോട് | 454 |
| 93 | പരപ്പനങ്ങാടി | 357 |
| 94 | കൊണ്ടോട്ടി | 311 |
| 95 | മങ്കട | 306 |

| Sl.No. | Branch | Code no. |
|---|---|---|
| | **കോഴിക്കോട്** | |
| 96 | കോഴിക്കോട് പാളയം | 301 |
| 97 | വടകര | 189 |
| 98 | ബാലുശ്ശേരി (എ.ഡി.ബി) | 314 |
| 99 | കൊയിലാണ്ടി | 684 |
| 100 | ബേപ്പൂർ | 190 |
| 101 | കുന്നമംഗലം | 401 |
| 102 | താമരശ്ശേരി | 225 |
| 103 | കല്ലായി | 285 |
| 104 | മേപ്പയൂർ | 420 |
| 105 | ഫറൂക്ക് | 191 |
| 106 | തിരുവമ്പാടി | 296 |
| 107 | ചീക്കുന്നുമ്മൽ | 574 |
| 108 | തേഞ്ഞിപ്പലം | 200 |
| | **വയനാട്** | |
| 109 | മീനങ്ങാടി | 725 |
| 110 | കൽപ്പറ്റ | 192 |

| Sl.No. | Branch | Code no. |
|---|---|---|
| 111 | സുൽത്താൻബത്തേരി | 193 |
| 112 | മാനന്തവാടി | 321 |
| | **കണ്ണൂർ** | |
| 113 | കണ്ണൂർ (മെയിൻ) | 238 |
| 114 | മട്ടന്നൂർ | 208 |
| 115 | പയ്യന്നൂർ | 259 |
| 116 | തലശ്ശേരി | 239 |
| 117 | ഇരിട്ടി | 647 |
| 118 | പാനൂർ | 636 |
| 119 | തളിപ്പറമ്പ് | 651 |
| 120 | പാപ്പിനിശ്ശേരി | 202 |
| | **കാസർഗോഡ്** | |
| 121 | കാസർഗോഡ് | 201 |
| 122 | നീലേശ്വർ | 675 |
| 123 | ഹോസ്ദുർഗ്ഗ് | 402 |
| 124 | തൃക്കരിപ്പൂർ | 203 |


**കേരള സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (പ്രത്യേക വിഭാഗം),**

**വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം – 695 012**

**ഫോൺ : 04712348581, 2340323 ഫാക്സ് : 04712344841** www.openschool.kerala.gov.in

**ഈ-മെയിൽ:** scertkerala@asianetindia.com